# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6675** **09/07/2014 - ൽ ഭാഗിക മറുപടി നൽകിയത് - അന്തിമ മറുപടി**

## അന്ത്യോദയ അന്നയോജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. കെ. അച്ചുതൻ | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) പ്രാചീന ഗോത്ര വർഗ്ഗങ്ങളേയും ആദിവാസി കുടുംബങ്ങളേയും അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) ആദിവാസി കുടുംബങ്ങളേയും പ്രാചീന ഗോത്ര വർഗ്ഗ കുടുംബങ്ങളേയും എ .എ. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കാർഡ് നൽകുന്നുണ്ട്. |
| (ബി) എന്തെല്ലാം നേട്ടങ്ങളാണ് മേൽപ്പറഞ്ഞ പദ്ധതിയിലൂടെ പ്രസ്തുത വിഭാഗക്കാർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ; | (ബി) എ. എ. വൈ. പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം 35 കിലോഗ്രാം അരി വീതം ഭക്ഷ്യ വകുപ്പിൽ നിന്നും നൽകി വരുന്നു. |
| (സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത് ; | (സി) ഓരോ കുടുംബത്തിനും പ്രതിമാസം 35 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് മതിയാകുന്നത്ര അരി കേന്ദ്രം അലോട്ട് ചെയ്തു നൽകുന്നുണ്ട്. സബ്സിഡി നിരക്കായ കിലോഗ്രാമിന് 3/- രൂപ നിരക്കിൽ കേന്ദ്രം അരി അനുവദിക്കുന്നു. |
| (ഡി) പ്രസ്തുത വിഭാഗക്കാർക്ക് പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ? | (ഡി) റേഷൻകടകൾ സ്റ്റോക്ക്-വിലനിലവാരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിക്കണമെന്ന കർശന നിർദ്ദേശം നൽകുകയും റേഷൻ സാധനങ്ങളുടെ പ്രതിമാസ ലഭ്യത,വില എന്നിവ പത്രമാധ്യമങ്ങൾ മുഖാന്തിരം പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**